

അമൃതപുരി കാമ്പസിലെ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൻെറ ആഭിമുഖ്യത്തിൽ നടന്ന ദേശീയശില്പശാലയിൽ മുംബൈ ഐ.ഐ.ടി.ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫ. ജസർവാസി സംസാരിക്കുന്നു

# 'നാനോ സയൻസും നാനോ ടെക്നോളജിയും' ശില്പശാല സമാപിച്ചു

അമൃതപുരി: അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിലെ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൻെറ ആഭിമുഖ്യത്തിൽ അഞ്ചുദിവസമായി നടന്നുവന്ന ദേശീയശില്പശാല സമാപിച്ചു. 'നാനോ സയൻസും നാനോ ടെക്നോളജിയും' എന്ന വിഷയത്തെ അധികരിച്ചായിരുന്നു ശില്പശാല.

ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻെറ (എ.ഐ.സി.ടി.ഇ.) സ്റ്റാഫ് ഡെവലപ്മെൻറ് പ്രോഗ്രാമിൻെറ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചത്. അഞ്ചുദിവസമായി നടന്ന ശില്പശാലയിൽ 'നാനോ സയൻസിലെ' കാലികപ്രാധാന്യമുള്ള വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു. രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

വിവിധ ക്ലാസുകൾക്കുപുറമെ അമൃത സെൻറർ ഫോർ നാനോ സയൻസിലെയും കൊച്ചിൻ സർവകലാശാലയിലെയും സന്ദർശനവും എ.എഫ്.എം., എസ്.ടി.എം. തുടങ്ങിയ ആധുനിക സാങ്കേതികോപകരണങ്ങൾ പരിചയപ്പെടുന്നതിനുള്ള അവസരവും സംഘടിപ്പിച്ചിരുന്നു.

അമൃത വിശ്വവിദ്യാപീഠം അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പ്രൊഫ. വി.രാധാകൃഷ്ണൻ, മെക്കാനിക്കൽ വിഭാഗം തലവൻ പ്രൊഫ. ഗണേഷ് ഉഡുപ്പ, കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊഫ. കെ.പി.വിജയകുമാർ, പ്രൊഫ. എസ്.സി.ശർമ്മ (ഐ.എസ്.ആർ.ഒ. തിരുവനന്തപുരം), പ്രൊഫ. പി.എസ്.അനിൽകുമാർ (ഐ.ഐ.എസ്.സി.ബാംഗ്ലൂർ), പ്രൊഫ. നവകാന്ത ഭട്ട് (ഐ.ഐ.എസ്.സി. ബാംഗ്ലൂർ), പ്രൊഫ. കുൽക്കർണി (ജെ.എൻ.സി.എ.എസ്.ആർ. ബാംഗ്ലൂർ), പ്രൊഫ. ഗാർഗി റെയ്ന (ജെ.എൻ.സി.എ.എസ്.ആർ.) തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപനയോഗത്തിൽ ഡോ. ഗണേഷ് ഉഡുപ്പ അധ്യക്ഷനായി. അമൃതപുരി കാമ്പസ് അസോസിയേറ്റ് ഡീൻ ഡോ. ബാലകൃഷ്ണൻ ശങ്കർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.